# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *450

28/06/2013 - ലെ മറുപടിയ്ക്ക്

## ഇൻക്യുബേഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകർക്കായി ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് 2012-2013 ലെ വാല്യൂ അഡീഷൻ പദ്ധതി പ്രകാരം രണ്ടു ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സെന്ററുകളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇൻക്യുബേഷൻ സെന്ററുകളിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും മൂല്യ വർദ്ധനവിനുള്ള ടെക്നോളജി വ്യാപിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ സംരംഭകർക്ക് മൂല്യവർദ്ധനവിനുള്ള ലാഭകരമായ പ്രോജക്റ്റുകൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും ഇൻക്യുബേഷൻ സെന്ററുകളിൽ നിന്നും ലഭിക്കുന്നു. |
| (സി) കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ സംസ്കരിച്ച് വിപണികളിലെത്തിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി സെന്റർ മുഖേന നടപ്പാക്കുന്ന അഗ്രോ പ്രോസസ്സിംഗിനുള്ള ഇൻക്യുബേഷൻ സെന്റർ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ആധുനിക ഉപകരണങ്ങളുടെ ഗുണനിലവാര നിർണ്ണയത്തിനും പാക്കിംഗിനുമുള്ള മെഷിനറികളും ലഭ്യമാക്കുന്നതാണ്. സുഗന്ധവ്യഞ്ജനങ്ങൾ, മഞ്ഞൾ വെളുത്തുള്ളി എന്നിവയുടെ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ടി സെന്ററിലൂടെ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിക്കുന്ന ഇൻക്യുബേഷൻ സെന്റർ മുഖേന, മരച്ചീനിയുടെ കസ്സാവ, പാസ്റ്റ എന്നീ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രചരിപ്പിച്ച് വിപണിയിലെത്തിക്കുന്നതിന് സാധിക്കും. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി സെന്റർ മുഖേനയും തിരുവനന്തപുരത്ത് ശ്രീകാര്യം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണകേന്ദ്രം മുഖേനയാണ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ